**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.67** | **30/06/2015-ലെ മറുപടിക്ക്**

## അത്യാവശ്യ മരുന്നുകളുടെ അഭാവം

**ചോദ്യം**
ശ്രീ.മാത്യു റ്റി.തോമസ്
ശ്രീമതി.ജമീല പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
ശ്രീ.സി.കെ.നാണു

**മറുപടി**
ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ സർക്കാർ ആശുപത്രികളിൽ അത്യാവശ്യ സന്ദർഭങ്ങളിൽ നൽകാനുള്ള മരുന്നുകൾ പോലും ലഭ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ജീവൻരക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അവശ്യമരുന്നുകളും സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | 2014-2015 സമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് ; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; | (ബി) | 2014-2015 സാമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ 242 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും 301 കോടി രൂപയുടെ മരുന്നുകൾ വാങ്ങി സർക്കാർ ആശുപത്രികളിൽ 2014-15 സാമ്പത്തിക വർഷം വിതരണം ചെയ്തു. |
| (സി) | ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന മരുന്നുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ഉള്ള വാർഷിക ഇൻഡന്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ക്രോഡീകരിച്ച് ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെ സംഭരിച്ച് കോർപ്പറേഷന്റെ വിവിധ ജില്ലാ സംഭരണശാലകളിലൂടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് നൽകി വരുന്നു. ഏതെങ്കിലും മരുന്നിന്റെ ദൗർലഭ്യം നേരിട്ടാൽ ആയവ ആശുപത്രി മേധാവികൾ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് ലോക്കൽ പർച്ചേസ് ചെയ്ത് ദൗർലഭ്യം പരിഹരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ